11090
18/5/17

കേരള സർക്കാർ

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രധാന മന്ത്രി ആവാസ് യോജന (അർബൻ) – സംസ്ഥാന / നഗര തല സാങ്കേതിക സെല്ലുകളുടെ രൂപീകരണം - കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം അനുവദിച്ചുത്തരവാകുന്നു

---

തദ്ദേശ സ്വയംഭരണ (ഡി സി) വകുപ്പ്

സ. ഉ. (സാധാ.) നം.1605/2017/ തസ്വഭവ. തിരുവനന്തപുരം, തീയതി, 17/05/2017

---

പരാമർശം:- 1) കേന്ദ്ര ഭവന നഗര ദാരിദ്ര്യനിർമ്മാർജ്ജന മന്ത്രാലയത്തിന്റെ 06.12.2016- - ലെ F. No.11050/04/2016 - HFA - II FTS 15916 നമ്പർ കത്ത്

2) കുടുംബശ്രീ എ ആന്റ് എഫ് ഡയറക്ടറുടെ 25.3.17-ലെ 1608/എൻ/2016/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പ്രധാന മന്ത്രി ആവാസ് യോജന (അർബൻ) പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും നടപ്പിലാക്കുന്നതിനായി സംസ്ഥാന തല സാങ്കേതിക സെല്ലുകളുടെ രൂപീകരണത്തിനായി 50,40,000/-രൂപയും (അൻപതുലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) നഗരതല സാങ്കേതിക സെല്ലുകളുടെ രൂപീകരണത്തിനായി 4,00,80,000/- രൂപയും ( നാലുകോടി എൺപതിനായിരം രൂപ മാത്രം ) വകയിരുത്തിയിട്ടുണ്ട്.സാങ്കേതിക സെല്ലുകളുടെ രൂപീകരണത്തിനായി ചെലവഴിക്കേണ്ട തുകയുടെ വിഹിതം സംബന്ധിച്ച സ്വീകരിച്ചിട്ടുള്ള കേന്ദ്ര - സംസ്ഥാന അനുപാതം 75:25 ആണ്. ആകെ കേന്ദ്ര വിഹിതമായ 3,38,40,000 രൂപ (മൂന്നു കോടി മുപ്പത്തിയെട്ടുലക്ഷത്തി നാല്പതിനായിരം രൂപ മാത്രം)യിൽ സംസ്ഥാന തല സാങ്കേതിക സെല്ലുകളുടെ രൂപീകരണത്തിനായി 18,90,000/- രൂപയും ( പതിനെട്ടുലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം ) നഗരതല സാങ്കേതിക സെല്ലുകളുടെ രൂപീകരണത്തിനായി 1,50,30,000/-രൂപയും (ഒരുകോടി അൻപതുലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം ) പരാമർശം 1 പ്രകാരം കേന്ദ്രം അനുവദിക്കുകയുണ്ടായി. ആനുപാതിക സംസ്ഥാന വിഹിതമായി സംസ്ഥാന തല സാങ്കേതിക സെല്ലുകൾക്ക് 6,30,000/- രൂപയും (ആറുലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം)നഗരതല സാങ്കേതിക സെല്ലുകൾക്ക് 50,10,000/- രൂപയും (അൻപതുലക്ഷത്തി പതിനായിരം രൂപ മാത്രം )അനുവദിച്ചു നൽകണമെന്ന് പരാമർശം 2-ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ ആവശ്യപ്പെട്ടു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സംസ്ഥാനതല സാങ്കേതിക സെല്ലുകളുടെ രൂപീകരണത്തിനായി 25,20,000/- രൂപ ( ഇരുപത്തിഅഞ്ചുലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)യും ( അനുവദിച്ച കേന്ദ്ര വിഹിതം 18,90,000/- + അനുവദിക്കേണ്ട സംസ്ഥാന വിഹിതം 6,30,000/-), നഗരതല സാങ്കേതിക സെല്ലുകളുടെ രൂപീകരണത്തിനായുള്ള 2,00,40,000/-(രണ്ടുകോടിനാല്പത്തിനായിരംരൂപമാത്രം)യും ( അനുവദിച്ച കേന്ദ്ര വിഹിതം 1,50,30,000/- + അനുവദിക്കേണ്ട സംസ്ഥാന വിഹിതം 50,10,000/- ) ഉൾപ്പെടെ ആകെ 2,25,60,000/- ( രണ്ടുകോടി ഇരുപത്തിഅഞ്ചുലക്ഷത്തി അറുപതിനായിരം രൂപ മാത്രം ) അർബൻ ഹൗസിംഗ് മിഷന്റെ '' 2217- 05- 800-73 '' എന്ന ശീർഷകത്തിൽ അനുവദിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ഷിബു ഐസക്ക്
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് / എ&ഇ),കേരള ,തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് / വെബ് ന്യൂ മീഡിയ
ധനകാര്യവകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ